3290
24/2/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ക്ലാർക്ക് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. എസ്.എൽ.സുമാ ദേവിയ്ക്ക് , ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് ക്ലാർക്ക് ആയി സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

സ.ഉ.(കൈ) നം.15/2021/തൊഴിൽ തീയതി,തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1. 03.03.2018-ലെ സ.ഉ.(അച്ചടി) നമ്പർ31/2018/ധന നമ്പർ ഉത്തരവ്.

2. ശ്രീമതി. എസ്.എൽ. സുമാദേവിയുടെ 14.08.2020-തീയതിയിലെ അപേക്ഷ.

3. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.08.2020. 22.09.2020 എന്നീ തീയതികളിലെഇ1/430/20 നമ്പർ കത്തുകൾ , 16 .11 .2020 ലെ ഇ-1 / 640 / 20 നമ്പർ കത്ത്.

**ഉത്തരവ്**

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലാർക്കായി ജോലി നോക്കി വരുന്ന ശ്രീമതി.എസ്.എൽ. സുമാദേവി 2004 മുതൽ 2009 വരെയും 2013 മുതൽ 2016 വരെയും കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി ബോർഡിലും 2010 മുതൽ 2012 വരെ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലും തുടർന്ന് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലും പത്ത് വർഷത്തിലധികമായി ജോലി ചെയ്തു വരുന്നതിനാൽ സർവ്വീസിൽ സ്ഥിരനിയമനം നൽകണമെന്നഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി. എസ്.എൽ. സുമാദേവി 2004 മുതൽ നാളിതുവരെ കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് എന്നിവിടങ്ങളിലായി 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്കായി ജോലി നോക്കി വരുന്നതിനാൽ, ടിയാളുടെ അപേക്ഷ ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് , കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ക്ലാർക്ക് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി.സുമാദേവിയുടെ വിദ്യാഭ്യാസ യോഗ്യതകളും മറ്റു

അനുബന്ധ രേഖകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രത്യേക നിയമന ഉത്തരവ് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ

സുരക്ഷാ ബോർഡ്, വഞ്ചിയൂർ, തിരുവനന്തപുരം

ശ്രീമതി എസ്.എൽ. സുമാദേവി (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.4620 തീയതി 10.02.2021)

ധനകാര്യ വകുപ്പ്( 08.01.2021-ലെ 586179/LBR-1/195/2020-FIN നമ്പർ കുറിപ്പ്)

നിയമ വകുപ്പ്(25.01.2021-ലെ 1353/Opinion F1/2021/Law നമ്പർ കുറിപ്പ് )

ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by PADMAKUMARI B
Date 2021.02.11 17:53:21 IST
Reason Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:- തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്

അഡീഷണൽ സെക്രട്ടറിയുടെ സി.എ

അണ്ടർ സെക്രട്ടറി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.ബി1/128/2020/തൊഴിൽ                    ഇനം നം: 4620

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി സുമാദേവിയ്ക്ക് സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : ബി1/128/2020/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (ബി) വകുപ്പ് |
| 3. | വിഷയം | :കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സുമാദേവിയ്ക്ക് സ്ഥിരനിയമനം നല്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07.02.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : സർക്കാരിന് സാമ്പത്തിക ബാധ്യതയില്ല. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ധന്യകാര്യവകുപ്പുമായി കൂടിയാലോചിച്ചിട്ടുണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. ഡി.ലാൽ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. സത്യജീത് രാജൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08.02.2021. |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 09.02.2021. |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി. രാമകൃഷ്ണൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 09.02.2021. |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 09.02.2021. |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ</u>

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സുമാദേവിക്ക് സ്ഥിര നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി. എസ്.എൽ. സുമാ ദേവി 2004 മുതൽ കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വന്നിരുന്നു. പ്രസ്തുത ബോർഡ് ഉൾപ്പെടെ 6 ബോർഡുകൾ കൂട്ടിച്ചേർത്ത് 2016-ൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് രൂപംകൊണ്ടപ്പോഴും ടിയാൾ ജോലിയിൽ തുടർന്നുവെന്നും അപ്രകാരം 10 വർഷത്തിൽ കൂടുതൽ ടി ബോർഡിൽ ജോലിയിൽ തുടരുന്ന തനിക്ക് സ്ഥിര നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവർ പ്രസ്തുത ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 14/08/2020 തീയതി അപേക്ഷ നൽകിയിരുന്നു.

3. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുടെ കാര്യാലയത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ ക്ലാർക്കായി ജോലി നോക്കി വരുന്ന ശ്രീമതി എസ്.എൽ. സുമാദേവി തുടർച്ചയായി 15 ദിവസം അധികരിക്കാത്ത വിധത്തിൽ 2004 മുതൽ 2009 വരെയും, 2013 മുതൽ 2016 വരെയും കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി ബോർഡിലും 2010 മുതൽ 2012 വരെ ലേബർ വെൽഫെയർ ഫണ്ട് ബോർഡിലും 2016 മുതൽ 2020

വരെ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിലുമായി 10 വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്നയാളാണെന്നും ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാതിരുന്നതിനാലും തസ്തിക വിന്യാസം പൂർത്തിയാക്കാതിരുന്നതിനാലും ബോർഡിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാണ് ദിവസവേതന അടിസ്ഥാനത്തിൽ ടിയാളെ നിയമിച്ചിരുന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു .

4. ഈ വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്:

"ശ്രീമതി സുമാ ദേവി, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ, അംഗീകൃത തസ്തികയിലാണോ ജോലി ചെയ്തിരുന്നത്, ടി ബോർഡിലെ നിയമനങ്ങൾ PSCയ്ക്ക് വിട്ടിട്ടുണ്ടോ, ഏത് തസ്തികയിൽ ആണ് ഇവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്, അതിനുള്ള ഒഴിവ് നിലവിലുണ്ടോ , തുടർച്ചയായ സെർവീസ് ഇല്ലാത്ത ഒരാളെ സ്ഥിരപ്പെടുത്തുന്നത്, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം, പരിഗണിക്കുവാൻ കഴിയുമോ, പരിഗണിക്കുവാൻ കഴിയുമെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ഇവരെ സ്ഥിരപ്പെടുത്തുന്നത് "State of Karnataka vs Umadevi - 2006" എന്ന കേസിലെ ബഹു. സുപ്രീം കോടതി വിധിയുടെ ലംഘനമാകുമോ മുതലായ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി ഫയൽ ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു."

5. ശ്രീമതി. എസ്.എൽ. സുമാദേവി ക്ലാർക്ക്, ടൈപ്പിസ്റ്റ് എന്നീ അംഗീകൃത തസ്തികകളിൽ ജോലി നോക്കിവരികയാണ് എന്നും എന്നാൽ ചെറിയ ഒരു കാലയളവിൽ അംഗീകൃത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ വിന്യസിച്ചപ്പോൾ ടിയാളെ അടിയന്തരമായി ചെയ്തു തീർക്കേണ്ട

ജോലികൾ പൂർത്തിയാക്കുന്നതിനായി നിയോഗിച്ചിട്ടുള്ളതുമാണ് എന്നും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലാത്തതും നിയമനം നാളിതുവരെ പി.എസ്.സിയ്ക്ക് വിട്ടുകയോ ചെയ്തിട്ടില്ലാത്തതുമാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒരു ക്ലർക്കിന്റെ തസ്തിക നിലവിൽ ഒഴിവുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ബഹു. സുപ്രീം കോടതിയുടെ 10.04.2006-ലെ State of Karnataka Vs Umadevi കേസിന്റെ വിധിന്യായത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈ വിഷയത്തിൽ തീർപ്പ് കൽപ്പിക്കണമെന്നുമുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ ടി വകുപ്പ് താഴെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു :

6. "ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരന് ആ തസ്തികയിന്മേൽ യാതൊരു അവകാശവാദവും ഉന്നയിക്കാൻ കഴിയില്ല എന്ന് State of Karnataka Vs Umadevi കേസിൽ ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതിലേയ്ക്കും അതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്നും നിർദ്ദേശിച്ചുകൊണ്ടുള്ള നിയമ വകുപ്പിന്റെ 613/Opinion.F/2016 നമ്പർ അഭിപ്രായത്തിലേയ്ക്കും നിയമ വകുപ്പിന്റെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട്, ശ്രീമതി.എസ്.എൽ.സുമാദേവിയെ സ്ഥിരപ്പെടുത്തുന്നതിന് പരിഗണിക്കാൻ കഴിയുമോ, ടിയാരിക്ക് സ്ഥിര നിയമനം നൽകുന്നത് ബഹു. സുപ്രീം കോടതിയുടെ 10.04.2006-ലെ State of Karnataka Vs Umadevi കേസിന്റെ വിധിന്യായത്തിലെ ലംഘനമാകുമോ എന്നിവ സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ലഭ്യമാക്കാൻ ഭരണവകുപ്പിനെ അറിയിക്കുന്നു."

7. പ്രസ്തുത വിഷയത്തിൽ നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു:

"പബ്ലിക് എംപ്ലോയ്മെന്റിൻ കീഴിൽ വരുന്ന തസ്തികകളിലേക്ക് വ്യവസ്ഥാപിതമായ രീതിയിൽ നിയമനം നടത്താതെ ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും തുടർന്നു വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ഭരണഘടന ഉറപ്പുനൽകുന്ന അവസര സമത്വം, തുല്യനീതി തുടങ്ങിയ മൗലിക തത്വങ്ങൾക്ക് എതിരാണ് എന്ന് ബഹു.സുപ്രീം കോടതി Secretary, State of Karnataka Vs. Umadevi and Others AIR 2006 SC 1806 എന്ന കേസിൽ വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

ആയതിനാൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള ക്ലർക്ക് തസ്തികയിലേക്ക് ടി ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. സുമാദേവിയെ സ്ഥിരപ്പെടുത്തുന്നത് Secretary, State of Karnataka Vs. Umadevi and others AIR 2006 SC 1806 എന്ന കേസിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമാകുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

8. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സുമാദേവിക്ക് സ്ഥിര നിയമനം നൽകുന്ന വിഷയം സംബന്ധിച്ച ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

2004 മുതൽ 2020 വരെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിലായി 10 വർഷത്തിൽ കൂടുതൽ ക്ലാർക്കായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ശ്രീമതി.എസ്.എൽ സുമാ ദേവിയെ, ധനകാര്യം നിയമവകുപ്പുകളുടെ വിയോജിപ്പിനെ മറികടന്നുകൊണ്ട്, സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ, പ്രത്യേക കേസായി പരിഗണിച്ച്, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ സ്ഥിര നിയമനം നൽകാമോ ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No | : B1/128/2020/LBR. |
| 2 | Department | : Labour & Skills (B) Department |
| 3 | Subject | : Giving regular appointment to Smt. Sumadevi, who is working in the Kerala State Unorganised workers Social Security Board on daily wage basis-Reg: |
| 4 | Date of Chief Minister's order for placing before the Council | : 07.02.2021 |
| 5 | (i) Does the case involve financial commitments/implications.<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | : No Financial commitment to Government.<br>: Finance Department has been consulted. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : Yes |
| 7 | Name of Additional Secretary who submitted the Draft Note | : Sri. D. Lal |
| 8 | Name of Additional Chief Secretary who approved the Draft Note | : Sri. Satyajeet Rajan |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : 08.02.2021. |
| 10 | Name of Chief Secretary who approved the Draft Note | : Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : 09.02.2021. |
| 12 | Name of Minister who approved the Draft Note | : Sri. T.P. Ramakrishnan |
| 13 | Date of approval of the Draft Note for the Council by the Minister | : 09.02.2021. |
| 14 | Date of submission of fair copies | : 09.02.2021. |
| 15 | Date of decision by the Council of Ministers | : |
| 16 | Number and date of the G.O./letter communicating the decision | : |

# Note for the Council of Ministers

This note pertains to giving regular appointment to Smt. Sumadevi, who is working in the Kerala State Unorganized Workers' Social Security Board, on daily wage basis.

2) Smt. S.L Suma Devi has been working as a clerk in the Artisans & Skilled Workers' Welfare Fund Board on daily wage basis since 2004 and is at present working in the Unorganized Workers Social Security Board from 2016 onwards and since the Unorganised Board was formed by amalgamating 6 welfare schemes including the Artisans & Skilled Workers' Welfare Fund Board in 2016. Smt.Sumadevi has submitted a representation dated 14/08/2020 before the Chief Executive Officer with a prayer for permanent appointment as clerk in the Board.

3) The Chief Executive Officer has reported that she has been working in the office on daily wage, in a manner of not exceeding 15 consecutive days, for more than 10 years in the Welfare Fund Boards- from 2004 to 2009 and from 2013 to 2016 in Artisans & Skilled Workers Welfare Fund Scheme, from 2010 to 2012 in Labour Welfare Fund Board and from 2016 to 2020 in the Unorganized Workers' Welfare Board and the Chief Executive Officer reported that she had been engaged on a daily wage basis to facilitate the functioning of the board as in the

absence of special rules in the Board and the deployment of posts had not been completed in the Board.

4) The remarks of Finance Department on this subject are as follows:

"ശ്രീമതി സുമാ ദേവി, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ, അംഗീകൃത തസ്തികയിലാണോ ജോലി ചെയ്തിരുന്നത്, ടി ബോർഡിലെ നിയമനങ്ങൾ PSCയ്ക്ക് വിട്ടിട്ടുണ്ടോ, ഏത് തസ്തികയിൽ ആണ് ഇവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്, അതിനുള്ള ഒഴിവ് നിലവിലുണ്ടോ , തുടർച്ചയായ സെർവീസ് ഇല്ലാത്ത ഒരാളെ സ്ഥിരപ്പെടുത്തുന്നത്, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം, പരിഗണിക്കുവാൻ കഴിയുമോ, പരിഗണിക്കുവാൻ കഴിയുമെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ഇവരെ സ്ഥിരപ്പെടുത്തുന്നത് "state of karnataka vs Umadevi - 2006" എന്ന കേസിലെ ബഹു. സുപ്രീം കോടതി വിധിയുടെ ലംഘനമാകുമോ മുതലായ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി ഫയൽ ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു."

5) Further the Chief Executive Officer reported that Smt. S.L. Sumadevi is working in the sanctioned post of clerk and typist and she has been engaged in order to complete the urgent work when staff was deployed on deputation basis for a short period of time. The Chief Executive Officer has also reported that the Kerala

Unorganized Workers' Social Security Board has neither framed any special rules for appointment, nor the appointment had been entrusted to Public Service Commission so far. He has also reported that there is a vacancy of a clerk in the office of the Chief Executive Officer, and has requested that the matter should be decided in accordance with the provisions of the judgment of the Hon.Supreme Court in the State of Karnataka Vs Umadevi case.

6) On the basis of the report from the Board, file was again forwarded to the Finance Department and that Department opined as follows:

"ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരന് ആ തസ്തികയിന്മേൽ യാതൊരു അവകാശവാദവും ഉന്നയിക്കാൻ കഴിയില്ല എന്ന് State of Karnataka Vs Umadevi കേസിൽ ബഹു.സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതിലേയ്ക്കും അതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്നും നിർദ്ദേശിച്ചുകൊണ്ടുള്ള നിയമ വകുപ്പിന്റെ 613/Opinion.F/2016 നമ്പർ അഭിപ്രായത്തിലേയ്ക്കും നിയമ വകുപ്പിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ശ്രീമതി.എസ്.എൽ.സുമാദേവിയെ സ്ഥിരപ്പെടുത്തുന്നതിന് പരിഗണിക്കാൻ കഴിയുമൊ, ടിയാരിക്ക് സ്ഥിര നിയമനം നൽകുന്നത് ബഹു. സുപ്രീം കോടതിയുടെ 10.04.2006 -ലെ State of Karnataka Vs Umadevi കേസിന്റെ വിധിന്യായത്തിലെ ലംഘനമാകുമോ എന്നിവ സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ലഭ്യമാക്കാൻ ഭരണവകുപ്പിനെ അറിയിക്കുന്നു."

7) Remarks of Law Department in the subject are as follows:

"പബ്ലിക് എംപ്ലോയ്മെന്റിൻ കീഴിൽ വരുന്ന തസ്തികകളിലേക്ക് വ്യവസ്ഥാപിതമായ രീതിയിൽ നിയമനം നടത്താതെ ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും തുടർന്നു വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ഭരണഘടന ഉറപ്പുനൽകുന്ന അവസര സമത്വം, തുല്യനീതി തുടങ്ങിയ മൗലിക തത്വങ്ങൾക്ക് എതിരാണ് എന്ന് ബഹു.സുപ്രീം കോടതി Secretary, State of Karnataka Vs. Umadevi and Others AIR 2006 SC 1806 എന്ന കേസിൽ വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

ആയതിനാൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള ക്ലർക്ക് തസ്തികയിലേക്ക് ടി ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. സുമാദേവിയെ സ്ഥിരപ്പെടുത്തുന്നത് Secretary, State of Karnataka Vs. Umadevi and others AIR 2006 SC 1806 എന്ന കേസിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമാകുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

8) When the file regarding regular appointment to Smt. Sumadevi, who has been working on daily pay basis in Kerala Unorganized Workers Social Security Board, was circulated, the Hon,ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether Smt. Sumadevi, who has been working as Clerk on daily wage basis in different Welfare Boards for more than 10 years, from 2004 to 2020 in Artisans & Skilled Workers Welfare Fund Board, Labour Welfare Fund Board and in Unorganised Workers Social Security Board, be given regular appointment as clerk in the Kerala State Unorganized Workers Social Security Board, over ruling the objections raised by Finance and Law Department, considering her request for the same treating it as a special case?